57. ഈറയ്ക്ക് സൗജന്യ നിരക്കിൽ പാസ് അനുവദിക്കുക.

(സി) ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളും സ്വീകാര്യമായവ എല്ലാം നടപ്പിലാക്കിക്കഴിഞ്ഞു. സർവ്വീസിലുള്ള സംവരണം പൊതുമേഖലാ സ്ഥാപനങ്ങളിലും ബാധകമാക്കിക്കഴിഞ്ഞു.

ഭവന നിർമ്മാണത്തിന് പല വകുപ്പുകളും മുഖേന പല പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഏകദേശം 9 കോടി രൂപയോളം ഓഹരിമൂലധനമായി നൽകിക്കഴിഞ്ഞു. ഇതിനുപുറമെ മറ്റുതരത്തിലുള്ള ധനസഹായങ്ങളും കോർപ്പറേഷന് നൽകിക്കൊണ്ടിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പൻറും ലംപ്സംഗ്രാൻറും 1-12-1984 മുതൽ 30% കണ്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. മെസ് ചാർജും ഈ തോതിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി എടുത്തിട്ടുണ്ട്.

മറ്റാവശ്യങ്ങളിൻമേൽ നടപ്പടികളെടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

സാമൂഹ്യവനവൽക്കരണത്തിന് ചെലവായ തുക

53 [60] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85, 1985-86 എന്നീ വർഷങ്ങളിൽ സാമൂഹ്യവനവൽക്കരണത്തിന് ചെലവായ തുക എത്ര ;

(ബി) ഓരോ വർഷവും വച്ചുപിടിപ്പിച്ചിട്ടുള്ള വൃക്ഷത്തൈകൾ എത്ര വീതം ;

(സി) അവയിൽ എത്ര തൈകൾ നിലവിലുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിൻറെ വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1984-85-ൽ 610.04 ലക്ഷം രൂപയും 1985-86-ൽ (28-2-1986-വരെ) പ്രാഥമിക കണക്കുകൾ അനുസരിച്ച് ഏകദേശം 648.79 ലക്ഷം രൂപയും ചെലവായി.

(ബി) 1984-85-ൽ 770.787 ലക്ഷം തൈകളും, 1985-86-ൽ 1165.927 ലക്ഷം തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ലഭ്യമായ കണക്കുകൾ പ്രകാരം 50% ഓളം തൈകൾ അതിജീവിച്ചിരിക്കുന്നതായി കാണുന്നു. വനം വകുപ്പിൻറെ തോട്ടങ്ങളിൽ 70 മുതൽ 90 ശതമാനം വരെ തൈകൾ അതിജീവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വനം

54 [62] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ശതമാനം വനം ഇപ്പോൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly